പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1582 **01-07-2026-ൽ മറുപടിയ്ക്ക്**

പരിയാരം സർക്കാർ ആയുർവേദ കോളേജ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കണ്ണൂർ ജില്ലയിലെ പരിയാരം സർക്കാർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി കോഴ്സുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

മറുപടി: കണ്ണൂർ ആയുർവേദ കോളേജിൽ നിലവിലുള്ള പി.ജി കോഴ്സുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ശാലാക്യതന്ത്ര, ശല്യതന്ത്ര, രോഗനിദാന, ക്രിയാശരീര, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന.

(ബി) പ്രസ്തുത കോഴ്സുകൾ നിലനിർത്തുന്നതിന് ആവശ്യമായ അധ്യാപക തസ്തികകൾ പരിയാരം ആയുർവേദ കോളേജിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മറുപടി: NCISM -ന്റെ ഏറ്റവും പുതിയ മാനദണ്ഡങ്ങൾ പ്രകാരം, അധ്യാപക:വിദ്യാർത്ഥി അനുപാതം പുനർനിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അധ്യാപകർ പി.ജി ഉള്ള അക്കാദമിക് വകുപ്പുകളിൽ പര്യാപ്തമല്ല. പുതുതായി സൃഷ്ടിക്കപ്പെട്ട പ്രൊഫസ്സർ(ക്രിയാശരീര) തസ്തികയിൽ ഡി.പി.സി നടപടികൾ പൂർത്തിയായിട്ടുണ്ട്. ഹയർ തസ്തികകളിൽ പ്രൊമോഷൻ നടക്കുന്ന മുറയ്ക്ക് എൻടി കേഡർ തസ്തികകൾ(അസിസ്റ്റന്റ് പ്രൊഫസർ) പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ